വരാത്തതും നിക്ഷേപം സ്വീകരിക്കുന്നതും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതുമായ എല്ലാ സഹകരണ സംഘങ്ങൾക്കുമാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായിട്ടുള്ളത്. സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ 2250 സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ വിജ്ഞാപനം പുറപ്പെടുവിച്ചതിൽ നാളിതുവരെ 1773 സംഘങ്ങൾ സ്കീമുമായി സഹകരിച്ചിട്ടുണ്ട്.

(ഡി) സഹകരണ മേഖലയിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും കൂടുതൽ വിശ്വാസം ആർജ്ജിക്കുന്നതിനും ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപ സമാഹരണത്തിൽ സഹകരണ മേഖലയ്ക്ക് ഉണ്ടായ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട് എന്നതാണ് ഇതിലൂടെ കൈവരിച്ചിട്ടുള്ള പ്രധാന നേട്ടങ്ങൾ.

## സഹകരണ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ

82 (4664) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്ന് മുതൽ പ്രാബല്യത്തിൽ വന്നതാണ്;

(ബി) പ്രസ്തുത പാറ്റേൺ നിലവിൽവന്ന കാലത്ത് സഹകരണ വകുപ്പിൻ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ എത്രയായിരുന്നു ; ഇപ്പോൾ നിലവിലുള്ളത് എത്ര ;

(സി) ഈ സർക്കാരിന്റെകാലത്ത് എത്ര വെൽഫെയർ സൊസൈറ്റികൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ; ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(ഡി) സഹകരണ വകുപ്പിലെ ജോലി വ്യാപ്തി അനുസരിച്ച് മതിയായ ജീവനക്കാർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്റ്റാഫ് പാറ്റേൺ പുതുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 1981-ൽ

(ബി) 31-3-1981 - 2218

31-3-2015 - 14896

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 788

| | | |
|---|---|---|
| തിരുവനന്തപുരം | - | 225 |
| കൊല്ലം | - | 63 |
| പത്തനംതിട്ട | - | 6 |
| ആലപ്പുഴ | - | 9 |
| കോട്ടയം | - | 21 |
| ഇടുക്കി | - | 8 |
| എറണാകുളം | - | 46 |
| തൃശ്ശൂർ | - | 79 |
| പാലക്കാട് | - | 9 |
| മലപ്പുറം | - | 17 |
| കോഴിക്കോട് | - | 92 |
| വയനാട് | - | 7 |
| കണ്ണൂർ | - | 143 |
| കാസർഗോഡ് | - | 63 |
| | | 788 |

ആകെ

(ഡി) ഉണ്ട്. സഹകരണ സ്ഥാപനങ്ങളുടെ എണ്ണത്തിനൊപ്പം ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങളുടെ വൈപുല്യവും ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള സഹാചര്യത്തിൽ, സഹകരണ വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരവും വർദ്ധിച്ചിട്ടുള്ളതിനാൽ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനുള്ള ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly